# ക്രിസ്മസ്സ് സന്ദേശം

സമയം എത്ര പെട്ടെന്നു കടന്നു പോകുന്നു! ഇതാ, വീണ്ടും ക്രിസ്മസ്സും പുതുവർഷവും. ഓസ്ട്രേലിയായിലെ സീറോ മലബാർ സഭാ തനയരായ നമുക്ക് ഇത് തീർത്തും പുതുമയുള്ള ക്രിസ്മസ്സാണ്. രൂപത സ്ഥാപിതമായ ശേഷം ആദ്യത്തെ ക്രിസ്മസ്സ്. നിങ്ങൾക്കെല്ലാവർക്കും ക്രിസ്മസ്സിന്റെയും പുതുവർഷത്തിന്റെയും അനുഗ്രഹങ്ങൾ ആശംസിക്കുന്നു. തന്റെ ഏകജാതനെ ഈ ലോകത്തിലേക്ക് അയക്കാൻ അത്ര മാത്രം ദൈവം നമ്മെ സ്നേഹിക്കുന്നു. അതാണ് ക്രിസ്മസ്സിന്റെ സന്ദേശം. നമുക്കും ഈശോയിൽ ദൈവത്തിന്റെ സ്നേഹം അനുഭവിക്കുകയും അത് എല്ലാവരുമായി പങ്കുവയ്ക്കുകയും ചെയ്യാം.

ലോകം ഏറെ സന്തോഷത്തിലൂടെയും അതിലേറെ ദുഃഖത്തിലൂടെയും കടന്നുപോയ വർഷമാണ് 2014. മദ്ധ്യപൂർവ്വ ദേശത്തും യുക്രെയിനിലും നടക്കുന്ന യുദ്ധവും സംഘർഷങ്ങളും അനേകരുടെ മരണത്തിനും സഹനത്തിനും പാലായനത്തിനും കാരണമായികൊണ്ടിരിക്കുന്നു. സിറിയാ, ഇറാഖ് പ്രദേശങ്ങളിലെ ക്രൈസ്തവ സഹോദരരുടെ വേദനകളിൽ നമുക്കും പങ്കു ചേരാം. ഓസ്ട്രേലിയൻ ബിഷപ്സ് കോൺഫ്രൻസ് പ്രതിനിധികളായ

മെത്രാന്മാർ ആ പ്രദേശത്തെ അഭയാർത്ഥികേന്ദ്രങ്ങൾ സന്ദർശിച്ച് അവർക്ക് സാന്ത്വനമേകാൻ ഈ ദിവസങ്ങളിൽ അങ്ങോട്ട് പോയിട്ടുണ്ട്. അവരുടെ സഹായനിധിയിലേക്ക് നമ്മുടെ രൂപതയും എളിയ രീതിയിൽ പങ്കുചേർന്നിട്ടുണ്ട്.

നമ്മുടെ ഇടയിലും ഈ കഴിഞ്ഞ വർഷം സന്തോഷത്തോടൊപ്പം ദുഃഖത്തിന്റെ അനുഭവങ്ങളും നമുക്ക് ഉണ്ടായിട്ടുണ്ട്. നമ്മുടെ മൂന്ന് യുവ സഹോദരങ്ങൾ തികച്ചും അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ ആകസ്മികമായി മരണമടഞ്ഞത് നിങ്ങളെപ്പോലെ എന്നെയും ഏറെ ദുഃഖിതനാക്കി. അത്തരം ദുരന്തങ്ങൾ നമ്മുടെ ഇടയിൽ മേലിൽ സംഭവിക്കാതിരിക്കാൻ നമുക്ക് ഓരോരുത്തർക്കും ജാഗ്രതയോടെ പ്രവർത്തിക്കാം.

2014–2015 കുടുംബത്തെക്കുറിച്ചുള്ള രണ്ടു സിനഡുകൾ നടക്കുന്ന കാലമാണല്ലൊ. ''സമകാലീന സഭയിലും ലോകത്തിലും കുടുംബത്തിന്റെ വിളിയും ദൗത്യവും'' എന്ന വിഷയം ചർച്ച ചെയ്യുന്ന സിനഡ് ഇതിനകം ലോകശ്രദ്ധ ഏറെ പിടിച്ചുപറ്റി കഴിഞ്ഞു. വിവാഹമെന്ന കൂദാശയുടെ അടിസ്ഥാന സത്യങ്ങളായ സ്നേഹം,ഐക്യം, വിശ്വസ്തത, അവിഭാജ്യത, ജീവനിലേക്കുള്ള തുറവി, എന്നത് നമ്മുടെ കാലത്ത് പ്രസക്തമായി എങ്ങനെ ജീവിക്കാൻ പറ്റുമെന്ന് നാമോരോരുത്തരും പ്രാത്ഥനാപൂർവ്വം വിചിന്തനം ചെയ്യണം.

2014–2015 സമർപ്പിതവർഷമായി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലൊ. സഭയിലെ സമർപ്പിതരുടെ മഹത്തായ വിളിയെ നാം ആദരവോടെ കാണുകയും ഈ മഹാദാനത്തിന് ദൈവത്തിനു നന്ദി പറയുകയും സമർപ്പിത ജീവിതത്തിലേക്ക് ധാരാളം ദൈവവിളികൾ ഉണ്ടാകാൻ പ്രാർത്ഥിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

എല്ലാവർക്കും ഒരിക്കൽ കൂടി ക്രിസ്മസ്സ് മംഗളങ്ങൾ !

‘‘അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം.ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം!’’

ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ !

നിങ്ങളുടെ വത്സലപിതാവ്

+ബോസ്കോ പുത്തൂർ

25 ഡിസംബർ 2014